ശ്രീ. പി.പി. എസ്തോസ്: കേന്ദ്രഗവൺമെൻറ് ബഡ്ജറ് അവതരിപ്പിച്ചതിൻെറ ഫലമായി കിലോഗ്രാമിന് 10 പൈസ കിഴിവുണ്ട്. കിലോഗ്രാമിന് പത്തുപൈസ കേന്ദ്രഗവൺമെൻറ് കിഴിയ്ക്കാൻ തീരുമാനിച്ചപ്പോൾ പാവപ്പെട്ട കൃഷിക്കാർക്ക് പ്രയോജനം കിട്ടത്തക്കവിധത്തിൽ കേന്ദ്രഗവൺമെൻറ് പ്രഖ്യാപിച്ച പത്തുപൈസയ്ക്കുപുറമേ ഈ ഗവൺമെൻറ് പത്തുപൈസകൂടി കിഴിവ് അനുവദിച്ച് സബ്സിഡൈസ്ഡ് റേറിൽ അഞ്ചും പത്തും കിലോഗ്രാം വാങ്ങിക്കുന്നതിന് സഹായം ചെയ്യുമോ?

ശ്രീ. എ. എൽ. ജേക്കബ്: സബ്സിഡൈസ്ഡ് റേറിനെപ്പറ്റി ഒന്നും പറയാൻ സാധ്യമല്ല. കാര്യമായ വില കുറഞ്ഞിട്ടുണ്ട്. സബ്സിഡൈസ്ഡ് റേറെറ് ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

*228 [245] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച് ഏതെങ്കിലും നിയമം ഇന്ന് സംസ്ഥാനത്ത് നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ അവരുടെ സേവന വേതന വ്യവസ്ഥകൾ ക്രമീകരിക്കുന്ന നിയമം കൊണ്ടുവരാൻ സർക്കാർ തയ്യാറാകുമോ?

തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം.കെ. രാഘവൻ):

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകളെ സംബന്ധിച്ച് പ്രത്യേക നിയമമൊന്നും നിലവിലില്ല. എന്നാൽ പല തൊഴിൽ നിയമങ്ങളും പ്രസ്തുത ജീവനക്കാർക്ക് ബാധകമാണ്.

(ബി) കേന്ദ്ര ഗവൺമെൻറ് സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരെകൂടി ഉൾപ്പെടുത്തിക്കൊണ്ടു ഒരു നിയമം കൊണ്ടുവരുന്നുണ്ട്. ആകയാൽ, സംസ്ഥാന സർക്കാർ ഒരു നിയമം കൊണ്ടുവരേണ്ട ആവശ്യം ഉണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. പി.ബാലൻ: സംസ്ഥാന ഗവൺമെൻറ് നേരത്തേ ഒരു ബില്ല് തയ്യാറാക്കിയിരുന്നുവെന്നും ഈ രംഗത്തെ നിക്ഷിപ്ത താത്പര്യക്കാരുടെ സമ്മർദ്ദംമൂലം ആ ബില്ല് അവതരിപ്പിക്കാതെ കോൾഡ് സ്റ്റോറേജിൽ വച്ചിരിക്കുകയാണെന്നും കേൾക്കുന്നത് ശരിയാണോ?

ശ്രീ. എം.കെ. രാഘവൻ: അത് ശരിയല്ല. ഇത് കൺകറൻറ് ലിസ്റ്റിൽപ്പെടുന്ന നിയമനിർമ്മാണമാണ്. അതിനാവശ്യമായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തു. ആ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് റിപ്പോർട്ട് പരിഗണിക്കുന്ന സന്ദർഭത്തിലാണ് കേന്ദ്രഗവൺമെൻറ് ഇടപെട്ട് ലേബർ കോൺഫറൻസിന് വച്ചതിനുശേഷം തുടർന്നാൽമതിയെന്നുള്ള നിർദ്ദേശം വന്നത്. അതുകൊണ്ടാണ് നടത്താതിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ രാജ്യത്ത് സ്വകാര്യ ആശുപത്രി വ്യവസായം വമ്പിച്ച ലാഭകരമായ വ്യവസായമായി വളർന്നുകഴിഞ്ഞിരിക്കുന്നുവെന്നുള്ളതും അവിടത്തെ അടിസ്ഥാനശമ്പളവും മറ്റു വരുമാനമാർഗ്ഗങ്ങളും തുലോം കുറവാണെന്നും ഒക്കെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടും കേന്ദ്രനിയമം പ്രതീക്ഷിച്ചിരിക്കുന്നതല്ലാതെ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കാര്യമായ നടപടി എടുക്കുന്നില്ല. ഏത് നിയമവും വരുന്നതിന് കാലതാമസം ഉണ്ടാകും. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്സ് ആക്ടിന്റെ പരിധിയിൽ സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരെ കൊണ്ടുവരികയും ലേബർ ഡിപ്പാർട്ടുമെന്റിന് ഈ പ്രശ്നങ്ങളും കൈകാര്യം ചെയ്യാനുള്ള അവസരം നൽകുകയും ചെയ്യുമോ?

ശ്രീ. എം. കെ. രാഘവൻ: ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്സ് ആക്ടിൽ ആശുപത്രികളും പെടുന്നില്ലെന്ന ഒരു സ്ഥിതിവിശേഷം ഇപ്പോഴില്ല. ഇപ്പോഴത്തന്നെ പല വകുപ്പുകളും ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്സ് ആക്ടിലുള്ളത് ഇതിന് ബാധകമാണ്. അതനുസരിച്ച് പലതും നടപ്പിലുണ്ട്. അന്വേഷണം നടത്തുന്നതിനുവേണ്ടി രൂപീകരിച്ചകമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് ഓരോ നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്. മിനിമം വേജസ് അവിടെ പ്രിസ്ക്രൈബ് ചെയ്യുന്നതിന് നോട്ടിഫിക്കേഷൻ നടത്തിയിരിക്കുകയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സ്വകാര്യ ആശുപത്രികളും ഇന്ന് പ്രധാനപ്പെട്ട ഒരു വ്യവസായമായി കേരളത്തിൽ വളർന്നിട്ടുണ്ട്. അവരുടെ സേവന വേതന വ്യവസ്ഥകളെസംബന്ധിച്ച് നിയമമില്ലാത്തതുകൊണ്ട് ഇപ്പോഴും ഗവൺമെന്റ് പ്രഖ്യാപിച്ച മിനിമം വേജസെങ്കിലും കൊടുക്കുമോ? കൂലി കൂടുതൽ ചോദിച്ച ആളുകളെ പിരിച്ചുവിട്ടിട്ട് മൂന്നു നാലു മാസമായി. ഇടപ്പള്ളിയിലെ ആശുപത്രിയിൽ സമരം നടന്നുവരികയാണ്. പോലീസ് രംഗത്തുവന്ന് സമരം ചെയ്യുന്നവർക്കു എതിരെ നടപടിയെടുക്കുന്നു. ഇത്തരം നടപടികളും അവസാനിപ്പിക്കാനും പിരിച്ചുവിട്ട ആളുകളെ തിരിച്ചെടുക്കാനും കൂലി കൂടുതൽ കൊടുക്കാനും വേണ്ട ഏർപ്പാട് ഉണ്ടാക്കുമോ?

ശ്രീ. എം. കെ. രാഘവൻ: മിനിമം വേജസ് പ്രിസ്ക്രൈബ് ചെയ്യുന്നതിന് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരിക്കുകയാണ്. എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ രണ്ടുമാസത്തിനകം സമർപ്പിക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ കൊടുത്തിട്ടുണ്ട്. അതിനുശേഷവും മിനിമംവേജസ് അഡ്വൈസറി ബോർഡിൽപോയി അവർകൂടി ഫൈനലൈസ് ചെയ്തതിനുശേഷമേ മുഴുവനാകുകയുള്ളൂ. ഇപ്പോഴും തർക്കമുണ്ട്. വ്യവസായത്തിന്റെ രൂപത്തിൽ ആണ് ഇത് വളർന്നുകൊണ്ടിരിക്കുന്നത്. അതിന് പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.

† ശുദ്ധജല വിതരണപദ്ധതിക്ക് എൽ.ഐ.സി. ലോൺ

*229 [246] ശ്രീ. കെ. കെ. എസ്. തങ്ങൾ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ശുദ്ധജല വിതരണ പദ്ധതിക്കു എൽ.ഐ.സി. ലോൺ അനുവദിക്കുന്നുണ്ടോ?

ഉ. വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദ്കോയ): ഉണ്ട്.

† Put by Shri. Panarath Kunhi Mohammed.

LIBRARY ARCHIVES Kerala Legislative Assembly